## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3860

21.06.2019 ൽ മറുപടിക്ക്

## ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല :** | | **ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ (എച്ച്.എൻ.എൽ.) പ്രവർത്തനം കഴിഞ്ഞ ജനുവരി മുതൽ പൂർണ്ണമായും നിലച്ച സാഹചര്യമുണ്ടോ ; | (എ) | പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം കമ്പനിയുടെ ഉല്പാദനം തടസ്സപ്പെട്ടിരിക്കുന്ന സാഹചര്യമാണുള്ളത്. |
| (ബി) | കേന്ദ്രസർക്കാർ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനാണോ (എച്ച്.പി.സി.) എച്ച്.എൻ.എൽ. ന്റെ ഉടമസ്ഥത എന്ന് അറിയിക്കുമോ; | (ബി) | കോട്ടയം ജില്ലയിൽ പ്രവർത്തിച്ചു വരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ 100% ഓഹരികൾ കേന്ദ്രസർക്കാർ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ ഉടമസ്ഥതതയിലാണ്. |
| (സി) | പ്രവർത്തനഫണ്ടായി ഇരുനൂറുകോടി രൂപ ആവശ്യപ്പെട്ട് മാനേജ്മെന്റ് സംസ്ഥാന സർക്കാരിനെ സമീപിച്ചിട്ടുണ്ടോയെന്നും അത് സർക്കാർ നൽകുകയുണ്ടായോ എന്നും അറിയിക്കാമോ; ഇല്ലെങ്കിൽ നൽകാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ; | (സി) & (ഡി) | HNL ന്റെ ആസ്തി ബുക്ക് വാല്യൂ നിരക്കിൽ സംസ്ഥാനം സ്വമേധയാ ഏറ്റെടുക്കാൻ തയ്യാറാണെന്ന് കാണിച്ച് 27.10.2018 ൽ ചീഫ് സെക്രട്ടറി കേന്ദ്രസർക്കാരിന് കത്ത് അയച്ചിട്ടുള്ളതാണ്. എച്.എൻ.എൽ-ൻെറ മാതൃസ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനുള്ള തീരുമാനം നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ എടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സബ്സിഡിയറി കമ്പനിയായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ലിമിറ്റഡിനെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംസ്ഥാന സർക്കാർ സ്ഥാപനം ഏറ്റെടുത്ത് നടത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. പ്രവർത്തനഫണ്ടായി ഇരുനൂറുകോടി രൂപ ആവശ്യപ്പെട്ട് കമ്പനി സംസ്ഥാന സർക്കാരിനെ സമീപിച്ചിട്ടുണ്ടായിരുന്നുവെങ്കിലും നിലവിൽ |
| (ഡി) | മുപ്പത്തിയേഴ് വർഷമായി പ്രവർത്തിച്ചുവരുന്നതും ഒട്ടേറെ സ്ഥിരം തൊഴിലാളികളും കരാർ തൊഴിലാളികളും ട്രെയിനികളും ജോലി ചെയ്യുന്നതുമായ പ്രസ്തുത സ്ഥാപനം പ്രവർത്തന സജ്ജമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | നാഷണൽ കമ്പനി ലോ ട്രിബ്യൂണലിൽ ലിക്വിഡേഷൻ നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ലിമിറ്റഡിന്റെ വസ്തുവകകൾ ഈട് വയ്ക്കുന്നതിന് അനുമതി നാഷണൽ കമ്പനി ലോ ട്രിബ്യൂണലിൽ നിയോഗിച്ച ഒഫീഷ്യൽ ലിക്വിഡേറ്ററിൽ നിന്നും ലഭ്യമാക്കുവാൻ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് മാനേജ്മെന്റിനോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**